## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2046** 07.07.2015-ൽ മറുപടിയ്ക്ക്

# KSEB ലിമിറ്റഡ് കമ്പനി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) KSEB ലിമിറ്റഡ് കമ്പനി രൂപവൽക്കരിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയത് എന്നാണ് ; | (എ) മുൻ കേരള സംസ്ഥാന വൈദ്യുതി ബോർഡിനു പകരമായി രൂപീകരിക്കേണ്ടതായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അണ്ടർ സ്റ്റാൻഡിംഗ് (MoU), ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ (AoA) എന്നിവയ്ക്ക് 18-04-2009-ലെ ജി. ഒ (എം. എസ്) നമ്പർ. 4/09/ഊ. വ ഉത്തരവു പ്രകാരമാണ് സർക്കാർ അംഗീകാരം നൽകിയത്. കമ്പനി രജിസ്ട്രാറുടെ 14.01.2011 -ലെ U40100KL2011SGC027424 എന്ന നമ്പർ ഉത്തരവ് പ്രകാരമാണ് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി നിലവിൽ വന്നത്. |
| (ബി) കമ്പനിവത്ക്കരണ നടപടികളുടെ ഭാഗമായി 12,000 കോടി രൂപയുടെ മൂലധന നിക്ഷേപത്തോടെ മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിരുന്നോ ; ട്രസ്റ്റ് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി എന്താണ് ?<br><br>(സി) പ്രസ്തുത കമ്പനിയിൽ പെൻഷന് പ്രത്യേക സംവിധാനം ഒരുക്കുമോ ; ആയത് എന്നു മുതൽ പ്രാബല്യത്തിൽ വരും ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) & (സി) കെ,എസ്.ഇ,ബി. നിലവിലുള്ള പെൻഷൻകാരുടെയും 31.10.2013 -ന് ശേഷം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും വിരമിച്ചതും ഇനി വിരമിക്കുവാനുള്ളതും ആയ ജീവനക്കാരുടെയും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളുടെ മേൽനോട്ടത്തിനും നടത്തിപ്പിനുമായി രൂപികരിച്ചിട്ടുള്ള മാസ്റ്റർ ട്രസ്റ്റിന്റെ പ്രാരംഭ കരുതൽ മൂലധനം 10 ലക്ഷം രൂപയാണ്<br><br>കേരളാ ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം 31.10.2013-ൽ കണക്കാക്കിയ ആക്ച്വറിയൽ വാല്യുവേഷൻ അനുസരിച്ച് പെൻഷൻ ബാധ്യത 12419 കോടിയാണ്. ഈ തുകയിൽ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്ററി അലോക്കേഷൻ വഴി ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകുന്നതും ബാക്കി തുകയായ 11895 കോടി രൂപയ്ക്ക് കെ.എസ്.ഇ.ബി.ലിമിറ്റഡ് രണ്ടുതരം |

ബോണ്ടുകൾ പുറപ്പെടുവിച്ച് മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതുമാണ്. ഇതിൽ 5861 കോടി രൂപ സർക്കാർ അടുത്ത പത്ത് വർഷംകൊണ്ട് ഫണ്ട് ചെയ്യുന്നതും ആയതിലേയ്ക്കായി ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 12.02.2015 ന് രജിസ്റ്റർ ചെയ്ത മാസ്റ്റർ ട്രസ്റ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ.**